**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 680** **17-09-2025 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന പൂർത്തിയായ പ്രോജക്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന പൂർത്തിയായ പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ:**<br><br>മട്ടന്നൂർ നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് മുഖേന പൂർത്തിയാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ഇലക്ട്രിക്കൽ സെക്ഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>**1. മട്ടന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ**<br><br>(a) KINFRA പദ്ധതിയിലേക്ക് വൈദ്യുതി വിതരണം.<br><br>(b) RDSS എൽ.ടി. (LT) കൺവേർഷൻ പ്രവൃത്തി.<br><br>2.**കാക്കയങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ**<br><br>(a) തില്ലങ്കേരി പഞ്ചായത്ത് പരിധിയിൽ 100 kVA ട്രാൻസ്ഫോർമർ 1 എണ്ണം സ്ഥാപിക്കൽ<br><br>(b) കാഞ്ഞിറാട് പ്രദേശത്ത് kWA-യ്ക്ക് വൈദ്യുതി ബന്ധം നൽകൽ.<br><br>(c) തില്ലങ്കേരി പഞ്ചായത്ത് പരിധിയിൽ 15 കിലോമീറ്റർ സ്ട്രീറ്റ് മെയിൻ വയറിംഗ്.<br><br>(d) മുഡക്കോഴി ട്രാൻസ്ഫോർമർ പ്രദേശത്ത് 3.5 കിലോമീറ്റർ കവേർഡ് കണ്ടക്ടർ വലിക്കൽ.<br><br>3. **ഇരിക്കൂർ ഇലക്ട്രിക്കൽ സെക്ഷൻ**<br><br>(a) പടിയൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ മുയ്യേരി കോളനിയും കല്ല്യാട് പടിഞ്ഞാറേക്കര കോളനിയും ഉൾപ്പെടുത്തി സ്ട്രീറ്റ് മെയിൻ നിർമാണം.<br><br>(b) പടിയൂർ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ ചേർക്കൽ.<br><br>(c) പടിയൂർ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ |

സ്ഥാപിക്കൽ.

(d) സിദ്ദിഖ് നഗറിൽ നിന്ന് കല്ലിയാട് വരെ 11 kV ലൈൻ നിർമാണം.

4. **ചക്കരക്കൽ ഇലക്ട്രിക്കൽ സെക്ഷൻ**

(a) ചക്കരക്കൽ മട്ടന്നൂർ സെക്ഷനുകളിലെ 11 KV ഫീഡേഴ്സിന്റെ ഇന്റർ ലിങ്കിംഗിന് വേണ്ടി 1.6 km HT ABC വലിക്കൽ.

(b) അരയാലിൻകീഴിൽ എന്ന സ്ഥലത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

(c) വളയാൽ കനാൽ എന്ന സ്ഥലത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

മട്ടന്നൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രോജക്ടുകൾ ചുവടെ കൊടുത്തിരിക്കും വിധമാണ്.

**1. ശിവപുരം ഇലക്ട്രിക്കൽ സെക്ഷൻ**

(a) പാലോട്ടുപള്ളി – വെമ്പാടി – നെടിയജിരം റോഡ് വീതികൂട്ടൽ പ്രവർത്തനത്തോടനുബന്ധിച്ച് എച്ച്.റ്റി./ എൽ.റ്റി. (HT/LT) പോളുകൾ മാറ്റുന്നതിന്റെ പ്രവർത്തനം പുരോഗമിക്കുന്നു.

**2. കാക്കയങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ**

(a) മുഡക്കോഴി പ്രദേശത്ത് RDSS എൽ.റ്റി (LT) റീ-കണ്ടക്ടറിംഗ് പ്രവർത്തനം പുരോഗമിക്കുന്നു.

**3. ഇരിക്കൂർ ഇലക്ട്രിക്കൽ സെക്ഷൻ**

(a) കല്ലിയാട് പ്രദേശത്തെ M/s International Research Institute of Ayurveda-യ്ക്ക് 484 kVA വരെ എച്ച്.റ്റി. (HT) വൈദ്യുതി വിതരണം – പ്രവർത്തനം പുരോഗമിക്കുന്നു.

നിലവിൽ പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതി (7.50 മെഗാവാട്ട്) യുടെ 47 ശതമാനം സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.എൽ. നിർവഹണ ഏജൻസി (SPV) ആയി മട്ടന്നൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന മട്ടന്നൂർ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടത്തിന്റെ നിർമാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

ആശുപത്രിയുടെ നിർമാണം നിലവിൽ 36% പൂർത്തിയായിട്ടുണ്ട്. നിർമാണ പുരോഗതി

കുറവായതിനാൽ, ആദ്യം നിർമാണ ചുമതല ഏല്പിച്ചിരുന്ന M/s. Rajdeep Buildcon Pvt. Ltd. എന്ന കമ്പനിയുമായുള്ള കോൺട്രാക്റ്റ് എഗ്രിമെന്റ് റദ്ദു ചെയ്യുകയും തുടർ നിർമാണ പ്രവൃത്തികൾക്കുള്ള ടെൻഡർ വിളിച്ച് M/s. R.K. Infra (I) Pvt. Ltd എന്ന സ്ഥാപനത്തിന് നൽകുകയും ചെയ്തു. 17.07.2025 ന് തുടർ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതും നടന്നു വരുന്നതുമാണ്. 15 മാസം ആണ് നിർമാണ കാലാവധി.

1. വെള്ളിയാം പറമ്പ് എന്ന സ്ഥലത്ത് 110kV കിൻഫ്ര പാർക്ക് സബ്സ്റ്റേഷനും അനുബന്ധലൈനുകളും നിർമ്മാണം പൂർത്തീകരിച്ചു. സബ്സ്റ്റേഷൻ 15-12-2022-ന് ചാർജ് ചെയ്തിട്ടുണ്ട്.

2. കേന്ദ്ര പദ്ധതിയായ RDSS സ്കീമിൽ, മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ട്രാൻസ്മിഷൻ സബ്ഡിവിഷൻ, മട്ടന്നൂർ ഓഫീസിന്റെ കീഴിൽ കാഞ്ഞിരോടിൽ നിന്നും പഴശ്ശി സബ്സ്റ്റേഷനിലേക്ക് നിലവിലുള്ള പഴയ 33 kV ഓവർ ഹെഡ് ലൈൻ മാറ്റി 33kV കവേർഡ് കണ്ടക്ടർ ആക്കി മാറ്റുന്ന പ്രവൃത്തി ചെയ്യുന്നതിനായുള്ള 15.75 കോടി രൂപ എസ്റ്റിമേറ്റിനുള്ള അനുമതി ലഭിക്കുകയും ആയതിന്റെ പ്രവൃത്തി 60% പൂർത്തിയാവുകയും ചെയ്തു. മേൽ പ്രവൃത്തി പൂർത്തീകരിച്ചാൽ ശിവപുരം, കയനി, വെള്ളിലോട്, കരയറ്റ, നെല്ലൂന്നി മേഖലകളിൽ തടസ്സരഹിത വൈദ്യുതി നൽകാൻ സാധിക്കും. 31 ഡിസംബർ 2025 നകം പദ്ധതി പൂർത്തിയാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

3. കണ്ണൂർ വെണ്മണലിൽ - സയൻസ് പാർക്കിന് വേണ്ടി മുടക്കണ്ടിയിൽ പുതുതായി 33kV കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്ന പ്രവൃത്തിക്ക് 8.739 കോടി രൂപയുടെ ഡെപ്പോസിറ്റ് വർക്ക് നിലയിൽ ചെയ്യാനുള്ള ഭരണാനുമതി കെ എസ് ഇ ബി എൽ നൽകിയിട്ടുണ്ട്. കണ്ണൂർ ട്രാൻസ്മിഷൻ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം കെ.എസ്.ഐ.ടി.-ഐ.എൽ മാനേജിങ് ഡയറക്ടറോട് ഡെപ്പോസിറ്റ് വർക്ക് തുകയായി Rs.8,73,93,384/- ഒടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക അടയ്ക്കുന്ന മുറയ്ക്ക് തുടർ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

മട്ടന്നൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന ആറ് പോൾ പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

മട്ടന്നൂർ നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയുടെ ഭാഗമായി 82 kW സ്ഥാപിത ശേഷിയിൽ 6 പുരപ്പുര സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി ആകെ 36,17,258/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ വൈദ്യുതി വകുപ്പ് മുഖേന മട്ടന്നൂർ മണ്ഡലത്തിൽ സൗരോർജ്ജ മേഖലയിൽ പ്രവൃത്തികൾ ഒന്നും നടന്നു വരുന്നില്ല.

**ANERT**

മട്ടന്നൂർ മണ്ഡലത്തിൽ ഗാർഹിക മേഖലയിൽ പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി 6 വീടുകളിലായി ആകെ 22 kW ശേഷിയുള്ള ഓൺ ഗ്രിഡ് സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു.

മട്ടന്നൂർ നിയോജക മണ്ഡലത്തിൽ അനെർട്ട് മുഖേനെ പൂർത്തിയാക്കിയ പ്രൊജക്ടുകളും അവയുടെ നിർമാണ പുരോഗതിയും ചുവടെ ചേർക്കുന്നു:

**1. <u>ഹരിത വരുമാന പദ്ധതി</u>**

മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ഹരിത വരുമാന പദ്ധതിയുടെ ഭാഗമായി 1 ലൈഫ് മിഷൻ വീട്ടിൽ സൗരോർജ്ജ നിലയം സ്ഥാപിച്ചിട്ടുണ്ട്.

**2. <u>ഡെപ്പോസിറ്റ് പദ്ധതി</u>**

മട്ടന്നൂർ നഗരസഭ സി.ഡി.എസ് കെട്ടിടത്തിൽ 15 കിലോവാട്ട് ഓൺ ഗ്രിഡ് സൗരോർജ്ജ നിലയവും, മധുസൂദനൻ തങ്ങൾ സ്മാരക ഗവഃ യു.പി സ്കൂൾ കെട്ടിടത്തിൽ 10 കിലോവാട്ട് ഓൺ ഗ്രിഡ് സൗരോർജ്ജ നിലയവും ഉൾപ്പടെ ആകെ 25 കിലോവാട്ട് (പദ്ധതി തുക 12,61,747/- ആണ് ) ഓൺ ഗ്രിഡ് സൗരോർജ്ജ നിലയം സ്ഥാപിച്ചിട്ടുണ്ട്.

### 3. <u>IRIA (International research institute for Ayurvedha, കല്യാട്) – 500 KW)</u>

സർക്കാരിന്റെ പ്രധാന പദ്ധതിയായ ഇന്റർ നാഷണൽ ആയുർവേദ റിസേർച്ച് സെന്ററിന്റെ പ്രവർത്തനം 300 ഏക്കറിൽ പ്രവർത്തി പുരോഗമിക്കുന്നു. ആദ്യ ഘട്ടത്തിൽ 500 KW (Rs.3,49,99,250/-) സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ IRIA യ്ക്ക് അനെർട്ട് സമർപ്പിക്കുകയും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്.

**4. <u>സൗരോർജ്ജ തെരുവ് വിളക്ക്</u>**

| | | | |
|---|---|---|---|
| | | | മട്ടന്നൂർ നഗരസഭ - മഞ്ചപ്പറമ്പ് നഗറിൽ 35W ശേഷിയുള്ള ഒരു സോളാർ സ്ട്രീറ്റ് ലൈറ്റും, വെങ്ങിലോട് നഗറിൽ 35W ശേഷിയുള്ള (Rs.1,37,280/-) ഒരു സോളാർ സ്ട്രീറ്റ് ലൈറ്റും സ്ഥാപിച്ചിട്ടുണ്ട്.<br><br>**5. <u>കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് സോളാർ പ്രൊജെക്ട്</u>**<br><br>മട്ടന്നൂർ നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള റൺവെ 4000 മീറ്റർ ദീർഘിപ്പിക്കുന്നതിന് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്ത് Renewable Energy Assets എന്ന തരത്തിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പുരോഗതിയും വിശദാംശവും ലഭ്യമാക്കാമോ? | (ബി) | പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതി (7.50 മെഗാവാട്ട്) യുടെ 47% സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.<br><br>പദ്ധതിയുടെ സിവിൽ ജോലികളുടെ ആദ്യത്തെ കരാറുകാരൻ സമയബന്ധിതമായി പണി പൂർത്തിയാക്കാത്തതിനാലും പ്രവൃത്തി പുരോഗതി തൃപ്തികരമല്ലാത്തതിനാലും പ്രസ്തുത കരാർ കെ.എസ്.ഇ.ബി.എൽ. റദ്ദുചെയ്തു. അവശേഷിക്കുന്ന സിവിൽ ജോലികൾ ടെൻഡർ ചെയ്യുകയും M/s. TVVPL-KSKFE Consortium, Bhubaneswar, Odisha എന്ന കമ്പനിക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പുതിയ കരാറുകാർ എഗ്രിമെന്റിൽ ഏർപ്പെട്ടതിനുശേഷം പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. ഇലക്ട്രോ മെക്കാനിക്കൽ ജോലികൾ M/s. Kirloskar Brothers Ltd. എന്ന കമ്പനിക്ക് 25.01.2021 ൽ കരാർ നല്കിയിട്ടുണ്ട്. ജോലികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ